ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിങ് ബോർഡ് ബിൽഡിങ്സ്,
ശാന്തിനഗർ, തിരുവനന്തപുരം -1.

നം/ഫിൻ സി2/27914/2014/ഹ.സെ.വി

തിയതി: 02/07/2014.

## സർക്കുലർ

വിഷയം: ഹ.സെ.വി - സർക്കാർ, എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെ കുടിവെള്ള ലഭ്യതയും, മൂത്രപ്പുര, ടോയ്‌ലറ്റ് എന്നിവയുടെ ശുചിത്വവും ഉറപ്പ്‌വരുത്തുന്നത് - സംബന്ധിച്ച്.

സ്കൂളുകളിൽ ആവശ്യാനുസരണം കുടിവെള്ളം ലഭ്യമല്ലാത്തതും, മൂത്രപ്പുര, ടോയ്‌ലറ്റ് എന്നിവയുടെ അഭാവത്തെപ്പറ്റിയും, ശുചിത്വമില്ലായ്മയെപ്പറ്റിയും പരാതികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാതികൾ ഒഴിവാക്കുന്നതിനായി താഴെ ചേർത്ത നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പ്രവർത്തിസമയങ്ങളിൽ സ്കൂളുകളിലെ മൂത്രപ്പുര, ടോയ്‌ലറ്റ് എന്നിവയിൽ ജല ലഭ്യത ഉണ്ടെന്ന് ഉറപ്പ് വരുത്തണം. കുടിവെള്ളത്തിന്റെ ലഭ്യതയും ഉറപ്പ് വരുത്തേണ്ടതാണ്. മൂത്രപ്പുര, ടോയ്‌ലറ്റ് എന്നിവ സ്കൂൾ പ്രവർത്തിസമയമല്ലാത്തപ്പോൾ പൂട്ടി സംരക്ഷിക്കണം.

സ്കൂൾ കുട്ടികൾക്ക് പരിസര ശുചിത്വം സംബന്ധിച്ച അവബോധവും സ്കൂൾ വസ്തു വകകൾ സ്വന്തം എന്ന പോലെ കരുതി വൃത്തിയായി സൂക്ഷിക്കാനുള്ള പ്രേരണയും നൽകണം. കൃത്യമായ ഇടവേളകളിൽ സ്കൂളിലെ മൂത്രപ്പുര, ടോയ്‌ലറ്റ് എന്നിവ സ്കൂൾ പ്രിൻസിപ്പലോ പ്രിൻസിപ്പൽ ചുമതലപ്പെടുത്തിയവരോ സന്ദർശിച്ച് ശുചിത്വം ഉറപ്പ്‌വരുത്തണം.

കുട്ടികളുടെ എണ്ണത്തിന് അനുപാതികമായി മൂത്രപ്പുര, ടോയ്‌ലറ്റ് എന്നിവ ഇല്ലാത്ത സ്കൂളുകളിൽ അടിയന്തിരമായി ഇവ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ടോയ്‌ലറ്റ്, മൂത്രപ്പുര എന്നിവയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കണം. സർക്കാർ ഹയർ സെക്കൻററി സ്കൂളുകളിൽ പ്രസ്തുത നിർമ്മാണത്തിന് തുക അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ സ്കൂളുകളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും വീഴ്ച വരുത്തുന്നത് ഗൗരവത്തോടെ വീക്ഷിക്കുന്നതുമാണ്.

ഒപ്പ് /-
**ഡയറക്ടർ**

സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും.